പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1493 13.07.2016 - ൽ മറുപടിയ്ക്ക്

## സ്നേഹപൂർവ്വം പദ്ധതി

ചോദ്യം

ശ്രീ.എം.എം.മണി

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | (എ) | മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരണപ്പെട്ട കുടുംബങ്ങളിലെ കുട്ടികളെ സാമ്പത്തിക പരാധീനതയാൽ അനാഥാലങ്ങളിൽ പ്രവേശിപ്പിക്കുന്ന പ്രവണത ഒഴിവാക്കി അവരെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് ബിരുദതലം വരെ വിദ്യാഭ്യാസം ചെയ്യിപ്പിച്ച് അവരെ സമൂഹത്തിൽ മുഖ്യധാരയിലെത്തിക്കുകയെന്നതാണ് സ്നേഹപൂർവ്വം പദ്ധതിയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷകൾ കുറയാനിടയായ സാഹചര്യം പരിശോധിക്കുമോ; | (ബി) | ഓരോ വർഷത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം പരിശോധിക്കുമ്പോൾ അപേക്ഷകൾ കുറയുന്ന സാഹചര്യം ഉണ്ടായിട്ടില്ല. 2014-15 ൽ 57051 അപേക്ഷകളും, 2015-16ൽ 68949 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (സി) | അർഹരായിട്ടുള്ളവർ എപ്രകാരമാണ് ഈ പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നതെന്നും, അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും, എന്തൊക്കെ രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നത് സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ; | (സി) | ഓരോ അദ്ധ്യയന വർഷത്തിലും അപേക്ഷ ക്ഷണിക്കുമ്പോൾ സ്ഥാപനമേധാവി മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നു.<br>അപേക്ഷ കുട്ടികൾ പഠിക്കുന്ന സ്ഥാപനമേധാവിക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷകരായ വിദ്യാർത്ഥികൾ വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം സ്ഥാപനമേധാവിക്കു സമർപ്പിക്കണം.<br>● ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്/ബി.പി.എൽ സാക്ഷ്യപത്രം അഥവാ എ.പി.എൽ ആണെങ്കിൽ കുടുംബവാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000/-രൂപയിലും, നഗരപ്രദേശങ്ങളിൽ 22,375/-രൂപയിലും കുറവാണെന്ന് കാണിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.<br>● മാതാവോ പിതാവോ അഥവാ |

| | | | |
|---|---|---|---|
| | | | രണ്ടുപേരും മരണപ്പെട്ടതിന്റെ അംഗീകൃത മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>● അപേക്ഷകന്റെ ആധാർകാർഡിന്റെ പകർപ്പ്.<br>● കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ ജോയിന്റ് അക്കൗണ്ട് എടുത്തതിന്റെ പകർപ്പ്.<br>വിദ്യാലയങ്ങളിൽ ചേർക്കാത്ത 5 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ഈ ധനസഹായത്തിന് നിശ്ചിത അപേക്ഷ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷനിൽ സമർപ്പിക്കേണ്ടതാണ്. |
| (ഡി) | പദ്ധതിയ്ക്ക് അർഹരായിട്ടുള്ളവരെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ പദ്ധതിയുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സ.ഉ(സാധാ) 83/2014/സാനീവ തീയതി 10.10.2014 എല്ലാ വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്കും സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 14 ജില്ലകളിലുമുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും പ്രസ്തുത ധനസഹായം സംബന്ധിച്ച് കത്ത് നൽകിയിരുന്നു. എല്ലാ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേനയും വേണ്ട പ്രചരണം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**